"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാശിശുവികസന വകുപ്പ്- അങ്കണവാടി വർക്കർ/ഹെൽപ്പർ നിയമനത്തിന് സാമുദായിക സംവരണം- റൊട്ടേഷൻ ക്രമം പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(കൈ) നം.4/2025/WCDD തീയതി,തിരുവനന്തപുരം, 28-01-2025

---

പരാമർശം:-
1. സ. ഉ(എം. എസ്) നം. 15/2008/സാക്ഷേവ, തീയതി. 23/02/2008
2. സ. ഉ(പി) നം. 14/2020/പി&എആർഡി, തീയതി. 23/10/2020
3. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. DWCD/3506/2023-ICDSB4, തീയതി. 01/01/2024

**<u>ഉത്തരവ്</u>**

അങ്കണവാടികളിലെ നിയമനത്തിനായി ശിശുവികസനപദ്ധതി ഓഫീസർമാർ അപേക്ഷകൾ ക്ഷണിച്ചു ഇന്റർവ്യൂ നടത്തി തയ്യാറാക്കുന്ന സെലക്ഷൻ ലിസ്റ്റിൽ നിന്നും വർക്കർ/ഹെൽപ്പർ നിയമനം നടത്തുമ്പോൾ പി എസ് സി, ക്ലാസ് IV ജീവനക്കാരുടെ നിയമനത്തിൽ പാലിച്ചു വരുന്ന സാമുദായിക സംവരണ മാനദണ്ഡം പാലിക്കണമെന്ന് പരാമർശം (1) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തപ്പെടുന്ന പൊതു നിയമനങ്ങളിൽ EWS (Economically Weaker Sections) സംവരണം നടപ്പിലാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സെലക്ഷൻ ലിസ്റ്റിലെ റൊട്ടേഷൻ നടപ്പിലാക്കുമ്പോൾ ഒരു കാറ്റഗറിയിൽ ആളില്ലായെങ്കിൽ എപ്രകാരം നിയമനം നടത്തണമെന്നത് സംബന്ധിച്ചും EWS വിഭാഗത്തെ അങ്കണവാടി നിയമനത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും മാർഗ്ഗനിർദ്ദേശം നൽകണമെന്ന് പരാമർശം (3) പ്രകാരം വനിതാശിശുവികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അങ്കണവാടികളിലെ നിയമനത്തിനായി ശിശുവികസനപദ്ധതി ഓഫീസർമാർ അപേക്ഷകൾ ക്ഷണിച്ചു ഇന്റർവ്യൂ നടത്തി തയ്യാറാക്കുന്ന സെലക്ഷൻ ലിസ്റ്റിൽ നിന്നും വർക്കർ/ഹെൽപ്പർ നിയമനം നടത്തുമ്പോൾ പരാമർശം (2) ഉത്തരവിലെ റൊട്ടേഷൻ ക്രമം ബാധകമാക്കിക്കൊണ്ടും EWS വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത

സാഹചര്യത്തിൽ പ്രസ്തുത ടേണിലേക്ക് ഓപ്പൺ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെയാണ് പരിഗണിക്കേണ്ടത് എന്ന് വ്യക്തമാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും (ഡയറക്ടർ, വനിതാശിശുവികസന വകുപ്പ് മുഖേന)
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും (ഡയറക്ടർ, വനിതാശിശുവികസന വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ/ ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 28-01-2025 17:12:24

സെക്ഷൻ ഓഫീസർ